## ക വാലാലംപൂരിൽ നടക്കുന്ന 22-ാമത് ആസിയാൻ-ഇന്ത്യ ഉച്ചകോടിയിലെ പ്രധാനമന്ത്രിയുടെ പങ്കാളിത്തം

ഒക്ടോബർ 26, 2025

22-ാമത് ആസിയാൻ-ഇന്ത്യ ഉച്ചകോടി 2025 ഒക്ടോബർ 26 ന് നടന്നു. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഉച്ചകോടിയിൽ വെർച്വലായി പങ്കെടുത്തു. ആസിയാൻ-ഇന്ത്യ ബന്ധങ്ങളിലെ പുരോഗതി പ്രധാനമന്ത്രിയും ആസിയാൻ നേതാക്കളും സംയുക്തമായി അവലോകനം ചെയ്യുകയും സമഗ്ര തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ഇന്ത്യ-ആസിയാൻ ഉച്ചകോടിയിൽ പ്രധാനമന്ത്രിയുടെ 12-ാമത്തെ പങ്കാളിത്തമായിരുന്നു ഇത്.

2. ആസിയാനെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി ആസിയാനിൽ 11-ാമത് അംഗമായി ചേർന്ന തിമോർ ലെസ്റ്റെയെ അഭിനന്ദിച്ചു, ആസിയാനിലെ പൂർണ്ണ അംഗമെന്ന നിലയിലുള്ള അവരുടെ പ്രാതിനിധ്യത്തെ സ്വാഗതം ചെയ്യുകയും, മാനവ വികസനത്തിന് ഇന്ത്യയുടെ തുടർച്ചയായ പിന്തുണ അറിയിക്കുകയും ചെയ്തു.

3. ആസിയാൻ ഐക്യം, ആസിയാൻ കേന്ദ്രീകരണം, ഇന്തോ-പസഫിക് മേഖല സംബന്ധിച്ചുള്ള ആസിയാൻ കാഴ്ചപ്പാട് എന്നിവയ്ക്കായുള്ള ഇന്ത്യയുടെ പിന്തുണ ആവർത്തിച്ച പ്രധാനമന്ത്രി ആസിയാൻ കമ്മ്യൂണിറ്റി വിഷൻ 2045 അംഗീകരിച്ചതിന് ആസിയാൻ അംഗങ്ങളെ അഭിനന്ദിച്ചു.

4. ആസിയാൻ-ഇന്ത്യ FTA (AITIGA) യുടെ എത്രയും നേരത്തെയുള്ള അവലോകനം മേഖലയിലെ ജനങ്ങളുടെ പ്രയോജനത്തിനായി നമ്മുടെ ബന്ധത്തിന്റെ മുഴുവൻ സാമ്പത്തിക ശേഷിയും പ്രയോജനപ്പെടുത്താൻ സഹായിക്കുമെന്നും പ്രാദേശിക സഹകരണം കൂടുതൽ ശക്തിപ്പെടുത്താൻ കഴിയുമെന്നും പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു.

5. ഭീകരവാദം ആഗോള സമാധാനത്തിനും സുരക്ഷയ്ക്കും ഗുരുതരമായ വെല്ലുവിളിയാണെന്ന് പ്രധാനമന്ത്രി പ്രസ്താവിക്കുകയും ഭീകരവാദത്തിനെതിരായ പോരാട്ടത്തിൽ ഐക്യത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുകയും ചെയ്തു.

6. മലേഷ്യയുടെ അധ്യക്ഷതയിൽ നടന്ന ഉച്ചകോടിയിൽ "ഉൾച്ചേർക്കലും സുസ്ഥിരതയും" എന്ന പ്രമേയത്തെ പിന്തുണച്ച് പ്രധാനമന്ത്രി ഇനിപ്പറയുന്ന പ്രസ്താവനകൾ പ്രഖ്യാപിച്ചു:

• ആസിയാൻ-ഇന്ത്യ സമഗ്രമായ തന്ത്രപരമായ പങ്കാളിത്തം (2026-2030) നടപ്പിലാക്കുന്നതിനുള്ള ആസിയാൻ-ഇന്ത്യ കർമ്മ പദ്ധതിക്കുള്ള വിപുലമായ പിന്തുണ

• ആസിയാൻ-ഇന്ത്യ ടൂറിസം വർഷം ആഘോഷിക്കുന്നതിന്റെ ഭാഗമായി, പ്രസ്തുത മേഖലയിലെ സഹകരണം ശക്തിപ്പെടുത്തുന്നതിന് സുസ്ഥിര വിനോദസഞ്ചാരം സംബന്ധിച്ചുള്ള ആസിയാൻ-ഇന്ത്യ സംയുക്ത നേതാക്കളുടെ പ്രസ്താവന അംഗീകരിക്കൽ

• സമുദ്ര സമ്പദ്‌വ്യവസ്ഥയിൽ പങ്കാളിത്തം സ്ഥാപിക്കുന്നതിനായി 2026 നെ "ആസിയാൻ-ഇന്ത്യ മാരിടൈം സഹകരണ വർഷം" ആയി പ്രഖ്യാപിക്കുന്നതിനുള്ള നിർദ്ദേശം

• സുരക്ഷിത സമുദ്ര പരിസ്ഥിതിക്കായി രണ്ടാം ആസിയാൻ-ഇന്ത്യ പ്രതിരോധ മന്ത്രിമാരുടെ യോഗവും രണ്ടാമത്തെ ആസിയാൻ-ഇന്ത്യ മാരിടൈം പരിശീലനവും സംഘടിപ്പിക്കാനുള്ള നിർദ്ദേശം

• അയൽരാജ്യങ്ങൾ പ്രതിസന്ധി നേരിടുന്ന ഘട്ടങ്ങളിൽ ആദ്യം പ്രതികരിക്കുന്ന രാജ്യമെന്ന നിലയിൽ ഇന്ത്യ അതിന്റെ പങ്ക് തുടരുകയും ദുരന്ത നിവാരണത്തിലും HADR ലും സഹകരണം കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യും

• ആസിയാൻ പവർ ഗ്രിഡ് സംരംഭത്തെ പിന്തുണയ്ക്കുന്നതിന് പുനരുപയോഗ ഊർജ്ജത്തിൽ വിദഗ്ധരായ 400 പേർക്ക് പരിശീലനം നൽകും

• അതിവേഗം ഫലപ്രാപ്തി ലഭിക്കുന്ന പദ്ധതികൾ (QIP) തിമോർ ലെസ്റ്റെയിലേക്ക് വ്യാപിപ്പിക്കും

• പ്രാദേശിക വൈദഗ്ധ്യം വികസിപ്പിക്കുന്നതിനായി നളന്ദ സർവകലാശാലയിൽ തെക്കുകിഴക്കൻ ഏഷ്യൻ പഠന കേന്ദ്രം സ്ഥാപിക്കാനുള്ള നിർദ്ദേശം

• വിദ്യാഭ്യാസം, ഊർജ്ജം, ശാസ്ത്ര-സാങ്കേതിക വിദ്യ, ഫിൻടെക്, സാംസ്കാരിക സംരക്ഷണം എന്നിവയിൽ നിലവിലുള്ള സഹകരണം പിന്തുണയ്ക്കുകയും അടിസ്ഥാന സൗകര്യങ്ങൾ, അർദ്ധചാലകങ്ങൾ, നൂതന സാങ്കേതികവിദ്യകൾ, അപൂർവ്വ ഭൗമ മൂലകങ്ങൾ, നിർണായക ധാതുക്കൾ എന്നിവയിൽ സഹകരണം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തു

• ഗുജറാത്തിലെ ലോഥലിൽ കിഴക്കനേഷ്യ ഉച്ചകോടി മാരിടൈം ഹെറിറ്റേജ് ഫെസ്റ്റിവൽ മാരിടൈം സുരക്ഷാ സഹകരണത്തെക്കുറിച്ചുള്ള സമ്മേളനം എന്നിവ സംഘടിപ്പിക്കും

7. 22-ാമത് ആസിയാൻ-ഇന്ത്യ ഉച്ചകോടി വെർച്വലായി നടത്തുന്നതിന് ആതിഥേയത്വം വഹിച്ചതിലും മികച്ച ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതിലും ബഹുമാന്യനായ പ്രധാനമന്ത്രി ഡാറ്റോ സെരി അൻവർ ഇബ്രാഹിമിന് പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി നന്ദി പറഞ്ഞു. അംഗരാജ്യങ്ങളുടെ കാര്യക്ഷമമായ ഏകോപനം നിർവഹിച്ചതിന് ഫിലിപ്പീൻസ് പ്രസിഡന്റ് മാർക്കോസ് ജൂനിയറിനും പ്രധാനമന്ത്രി നന്ദി രേഖപ്പെടുത്തി. ആസിയാനുമായുള്ള ഇന്ത്യയുടെ ദീർഘകാല പിന്തുണയ്ക്കും അതിന്റെ ആക്റ്റ് ഈസ്റ്റ് നയത്തിലൂടെ മേഖലയുമായുള്ള ബന്ധം കൂടുതൽ ആഴത്തിലാക്കാനുള്ള നമ്മുടെ നിരന്തരമായ പ്രതിബദ്ധതയ്ക്കും ആസിയാൻ നേതാക്കൾ ഇന്ത്യയെയും അഭിനന്ദിച്ചു.

**ക്വാലാലംപൂർ**

**ഒക്ടോബർ 26, 2025**